ഈ പ്രോജക്ട് 2021-2022 ലെ വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തതാണ്. 10 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും, സാങ്കേതിക അനുമതിയും ലഭിക്കുകയും, ടെൻഡർ നടപടികൾ പൂർത്തിയാക്കി കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ. സി.ജി. അജികുമാർ എന്ന കരാറുകാരന് പ്രവൃത്തി 25-01-2022 ലെ 2-1 കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. കരാർ നം: 51/AE/LSGD/KDA/21-22; 17-02-2022 ആകുന്നു. മനസ്സിലാക്കേണ്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇപ്രകാരമാണ് "Proposed For The Leveling And Compound Wall Construction Around The Land For Life Building Project. Compound -Wall Length 112 M, Height 1.20 M . Earthwork Excavation, DRM, Rrm Bed Concrete For Gate Pillar, Solid Block Masonry, Cc 1:1.5:3 For Pillar Concrete, Steel For GATE, Plastering, Painting."
എന്നാൽ നാളിതു വരെ ഈ പ്രവൃത്തി ആരംഭിച്ചതിന്റെയോ തുടങ്ങിയതിന്റെയോ യാതൊരു രേഖകളും ഇല്ല.
പരിശോധനയിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മാസം കൊണ്ട് പൂർത്തീകരിക്കേണ്ട പ്രവൃത്തി 2025-26 വരെ പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി സമയബന്ധിതമായി നിർവ്വഹിക്കുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കാതെ 25-26 വരെയുള്ള വാർഷിക പദ്ധതികളിൽ സ്പിൽ ഓവറാക്കി തുടർന്ന് വരികയാണ് ചെയ്തിട്ടുള്ളത്. 22/23 മുതൽ 25/26 വരെയുള്ള വാർഷിക പദ്ധതികളിൽ ഫിനാൻഷ്യൽ സാങ്ഷൻ ലഭിച്ചതിന്റെ കമ്മിറ്റി തീരുമാനങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി വൈകിയതുമായി ബന്ധപ്പെട്ടിട്ടുള്ള കാരണങ്ങൾ വ്യക്തമാക്കുന്ന കരാറുകാരന്റെ അപേക്ഷകൾ, നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർമാരുടെ കത്തുകൾ ഒന്നും തന്നെ ഇല്ല. സപ്ലിമെന്ററി കരാറുകളും ഫയലിൽ ഇല്ല. നിർമ്മാണ പ്രവർത്തിയുടെ അളവുകൾ രേഖപ്പെടുത്തിയതിന്റെ മാനുവൽ എംബുക്ക്, ഇ -എം ബുക്ക് രേഖകൾ ഇല്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് നിലവിലെ അസി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി ചുവടെ സൂചിപ്പിക്കുന്നു.
"കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2021 -22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 270/22- ലൈഫ് ഭവന പദ്ധതി പഞ്ചായത്ത് വാങ്ങിയ വസ്തു ലെവലിംഗും സൈഡ് വാൾ നിർമ്മാണം എന്ന പ്രവൃത്തി എഗ്രിമെന്റ് വെച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിരുന്നു. എം-ബുക്കുകൾ പ്രോജക്ടിന്റെ ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ലാത്തതാകുന്നു. ഈ ഓഫീസിൽ 10/7/2025 ൽ ജോയിൻ ചെയ്ത സമയത്ത് ഫയൽ ഹാൻഡ് ഓവർ ചെയ്യുമ്പോൾ എം ബുക്ക് ഇല്ലാതെയാണ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കുന്നു. ആയതിനാൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ വിശദാംശങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുൻപാകെ പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ. അജികുമാർ സി.ജി. 784 /2023 എന്ന നമ്പറായുള്ള ഒരു പരാതി നൽകിയിരുന്നു. പരാതിയുമായി ബന്ധപ്പെട്ട 30-04-25ലെ ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ ഉത്തരവനുസരിച്ച് മറുപടി നൽകുന്നതിനായി പ്രവൃത്തിയുടെ മൂല്യം തിട്ടപ്പെടുത്തിയ എം ബുക്ക് നൽകണമെന്ന് ആവശ്യപ്പെട്ട് 5-6-25 ലെ കത്ത് പ്രകാരം ശ്രീ. ജയകുമാർ ജി., ശ്രീമതി പ്രിയ കെ.എൻ. എന്നീ മുൻ അസിസ്റ്റന്റ് എൻജിനീയർമാർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. നിലവിലുള്ള പരാതിയുടെ അന്തിമ ഉത്തരവ് ലഭിച്ചിട്ടില്ലാത്തതാകുന്നു. 6-10-2022 വരെ ശ്രീമതി പ്രിയയും 6/10/2022 മുതൽ 9/6/2025 വരെ ശ്രീ. ജയകുമാറും ആണ് കള്ളാർ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർമാരായി ജോലി ചെയ്തിരുന്നത്."

നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാൽ ഈ പ്രോജക്റ്റിന്റെ അളവുകൾ, ചെലവുകൾ എന്നിവ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രോജക്റ്റിന്റെ അളവുകൾ, ബില്ലുകൾ, എസ്റ്റിമേറ്റുകൾ എന്നിവ പരിപാലിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ്. നിർവ്വഹണ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് എൻജിനീയർമാരായ ശ്രീ. ജയകുമാർ ജി., ശ്രീമതി പ്രീത കെ.എൻ. എന്നിവരുടെ വീഴ്ച ഭരണ സമിതിയുടെയും, LID &EW എഞ്ചിനീയറിംഗ് വിഭാഗം മേലധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 07/6.11.25

## 1-17 സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി സറണ്ടർ പണമായി നൽകി

സർക്കാർ ഉത്തരവ് (പി) നം. 23/2024/ധന തീയതി 16.03.2024 പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ പി എഫ് അക്കൗണ്ടിലേക്ക് നൽകുന്നതിന് ഉത്തരവായിരുന്നു. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പി എഫ് അക്കൗണ്ടില്ലാത്ത ജീവനക്കാർ (സ്ഥിര ജീവനക്കാർ അല്ലാത്തവർ ഉൾപ്പെടെ) എന്നിവർക്ക് പണമായി നൽകാവുന്നതാണെന്നും ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന ജീവനക്കാർക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ പണമായി അനുവദിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | ചെക്ക് നം., തീയതി | ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | വൗച്ചർ നം., തീയതി | തുക |
|---|---|---|---|---|
| 1 | 0662595/09.07.2024 | ശ്രീമതി റജീന ആർ., സീനിയർ ക്ലർക്ക് | 4537, 9.07.24 | 45539/- |
| 2 | 0662595/09.07.2024 | ശ്രീമതി രമ്യ കൃഷ്ണൻ, ക്ലർക്ക് | 4537, 9.07.24 | 32483/- |
| 3 | 0662595/09.07.2024 | ശ്രീമതി വനിതശ്രീ റ്റി., ക്ലർക്ക് | 4537, 9.07.24 | 33355/- |

സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി സറണ്ടർ പണമായി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആർജ്ജിതാവധി സറണ്ടർ പണമായി നൽകുന്നത് അനുവദനീയമല്ലാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവ് (അ) നം. 136/2022/ധന തീയതി 04.11.2022 പ്രകാരം പലിശ സഹിതം തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 25/14.11.2025

## 1-18 ഡെപ്പോസിറ്റ് വർക്കുകൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2024-25 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, നം. | അടങ്കൽ തുക (രൂപ) | ചെലവ് തുക (രൂപ) | ബിൽ നം/ തീയതി | തുക കൈപ്പറ്റിയ സ്ഥാപനം | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ള തുക |
|---|---|---|---|---|---|---|
| 1. | വാർഡ് 10- ലെ ഹെൽത്ത് സബ് സെന്ററിന് കുടിവെള്ള കണക്ഷൻ (നം. 249/25) | 14000/- തനത് ഫണ്ട് | 14000/- തനത് ഫണ്ട് | 717/14.03.25 | കേരള വാട്ടർ അതോറിറ്റി കൊട്ടാരക്കര | 14000/- |
| 2. | എബിസി സെന്റർ- ജില്ലാ പഞ്ചായത്തിന് വിഹിതം (നം. 255/25) | 100000/- തനത് ഫണ്ട് | 100000/- തനത് ഫണ്ട് | 432/31.12.24 | ജില്ലാ പഞ്ചായത്ത് | 100000/- |
| | | | | | ആകെ | 114000/- |

മേൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ ചെലവ് തുക 1,14,000/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 11/10.11.25

തടസ്സപ്പെടുത്തുന്ന തുക 1,14,000/- രൂപ

## 1-19 ഓർഗാനിക് കംപോസ്റ്റർ ബിൻ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| പ്രോജക്ട് നം., പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| 261/25, ഓർഗാനിക് കംപോസ്റ്റർ ബിൻ വാങ്ങി നൽകൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 682000/-<br>തനത് ഫണ്ട്- 1298<br>ഗുണഭോക്തൃ വിഹിതം- 75922 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 655452/- (738/15.03.25)<br>തനത് ഫണ്ട്- 0<br>ഗുണഭോക്തൃ വിഹിതം- 72828/- (739/15.03.25) |

വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം ആഗ്രോഇൻഡസ്ട്രീസിൽ നിന്ന് 2380/- രൂപ നിരക്കിൽ 306 ഓർഗാനിക് കംപോസ്റ്റർ ബിൻ വാങ്ങിയിട്ടുണ്ട്. ഇതിനായി പ്ലാൻ ഫണ്ട് 90%, ഗുണഭോക്തൃവിഹിതം 10% ഉൾപ്പെടെ 728280/- രൂപയാണ് ചെലവഴിച്ചത്. ഓർഗാനിക് കംപോസ്റ്റർ ബിൻ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 255 ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണ് ലഭ്യമാക്കിയത്. ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ അവർ കളുടെ ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരല്ല എന്ന് ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ആശാമോൾ പി., പുഷ്പാലയം, ശൂരനാട് വടക്ക് പഞ്ചായത്ത്
2. ജോയ് കുട്ടി പി., പൊടിയൻ എം., കൊച്ചുവിള പുത്തൻവീട് മൈലം, മൈലം ഗ്രാമപഞ്ചായത്ത്.

മറ്റ് ഗ്രാമപഞ്ചായത്തിലെ അംഗങ്ങൾക്ക് ഓർഗാനിക് കംപോസ്റ്റർ ബിൻ വിതരണം ചെയ്തതിന് വിശദീകരണവും ഓർഗാനിക് കംപോസ്റ്റർ ബിൻ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 728280/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക 728280/- രൂപ

ഓഡിറ്റ് എൻക്വയറി നം. 18/12.11.25

## 1-20 ഭവനപുനരുദ്ധാരണം ജനറൽ – ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയില്ല

സ.ഉ (കൈ) നം 115/2022/ത.സ്വ.ഭ.വ 28/05/2022 ലെ 6.7.4 പ്രകാരം ഭവന പുനരുദ്ധാരണം ഗുണഭോക്താവ് കരാറിൽ ഏർപ്പെട്ടശേഷം 50% തുക മുൻകൂറായി അനുവദിക്കാവുന്നതാണ്. എന്നാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ ചുവടെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മുൻകൂർ തുക കൈപ്പറ്റിയ ശേഷം പണി പൂർത്തിയാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1)

| പ്രോജക്ട് നം., പേര് | S0051/25, ഭവന പുനരുദ്ധാരണം ജനറൽ |
|---|---|
| അടങ്കൽ | വികസന ഫണ്ട്, ജനറൽ- 2234000<br>തനത് ഫണ്ട്- 1186000 |
| ചെലവ് | വികസന ഫണ്ട്, ജനറൽ- 2234000<br>തനത് ഫണ്ട്- 511000 |

ആദ്യ ഗഡു 15,000/- രൂപ കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | നൽകിയ തുക |
|---|---|---|
| 1 | ശ്രീ. മനോജ് എം., പുത്തൻവിള മേലേതിൽ, വാർഡ്-6 | 15000/- (ബിൽനം. 21/25.02.25) |

| | | |
|---|---|---|
| 2 | ശ്രീ. ബാഹുലേയൻ പിള്ള, കളിയ്ക്കൽ പടിഞ്ഞാറ്റതിൽ, വാർഡ്- 17 | 15000/- (610/25.02.25) |

2)

| പ്രോജക്ട് നം. 500210/25, | ഭവനപുനരുദ്ധാരണം |
|---|---|
| പേര് | ജനറൽ, സ്പിൽ ഓവർ |
| അടങ്കൽ | വികസന ഫണ്ട്, ജനറൽ- 633575 |
| ചെലവ് | വികസന ഫണ്ട്, ജനറൽ- 555000 |

ആദ്യഗഡു 15,000/- രൂപ കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | നൽകിയ തുക |
|---|---|---|
| 1 | ശ്രീ. ശ്രീനിവാസൻ, മുകളുവിള വീട്, മാവടി | 15000/- 13.11.23 ൽ നൽകിയത് |
| 2 | ശ്രീ. ഗോപു, ഗോപു ഭവനം, കല്ലട കിഴക്ക് | 15000/- ബിൽനം. 3/23.07.24 |
| 3 | ശ്രീ. ഉണ്ണികൃഷ്ണപിള്ള പത്മ സദനം, വെണ്ടാർ | 15000/-, ബിൽനം. 8/13.11.24 |

ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കുന്നതാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, നിർമ്മാണം പൂർത്തീകരിക്കാത്തവർക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന മറുപടി ലഭ്യമാക്കി. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 4/05.11.2025

**<u>1-21 കാട്ടുവിള പാവക്കാല റോഡ് മെയിന്റനൻസ്- കരാറുകാരന് തുക നൽകിയതിൽ അപാകത</u>**

കല്ലട ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കാട്ടുവിള പാവക്കാല റോഡ് മെയിന്റനൻസ് 23-24 ലെ വാർഷിക പദ്ധതിയിൽ (85/23-24) ഉൾപ്പെടുത്തിയ ശേഷം പിന്നീട് 2024-25 ൽ സ്പിൽ ഓവറാക്കി (142/24-25). ഫയൽ പരിശോധനയിൽ കരാറുകാരന് 200000/- തുക അധികം നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി, തുക |
|---|---|
| 1 | BRN Zero/15-03-24 = 200000/-<br>കരാറുകാരന് നൽകിയത്= 200000/- |
| 2 | BRN 240402520237002897 35/18-6-24, 186412/-<br>കരാറുകാരന് നൽകിയത് =172656/- |
| 3 | BRN ZERO/06-07-24,200000/-<br>കരാറുകാരന് നൽകിയത് =200000/- |

<u>ഫൈനൽ ബിൽ</u>:- (KPW FORM 23 )
TOTAL BILL AMOUNT (Including GST) : 386412/-
TOTAL DEDUCTIONS : 13756/-
CHEQUE AMOUNT : 372656/-

KPW FORM 23 പ്രകാരമുള്ള ബിൽ തുക 372656/- ആണ്. എന്നാൽ മേൽ പട്ടിക പ്രകാരം 572656/- രൂപ നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് അടിസ്ഥാന വിഹിതം തുക ലഭ്യമല്ലാത്തതിനാൽ 15-03-24 ലെ ബിൽ മാറിയില്ലെന്ന മറുപടിയാണ് നിലവിലെ അസി. എഞ്ചിനീയർ ലഭ്യമാക്കിയത്. എന്നാൽ ഇത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ തുക ചെലവഴിച്ചിട്ടില്ല മറുപടി അംഗീകരിക്കാൻ കഴിയില്ല. മാർച്ച് 2024 ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അടിസ്ഥാന വിഹിതം ലഭ്യമല്ലായിരുന്നു എങ്കിൽ, 15-03-24 ലെ പ്രസ്തുത ബിൽ തുക 200000/- രൂപ

മാറിയിട്ടില്ലെന്നും തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 23/13-11-2025

ഫണ്ടിനം 2023-24 & ഫണ്ടിനം 2024-25:

ധനകാര്യ കമ്മീഷൻ ഗ്രാന്റ്

മെയിന്റനൻസ് ഫണ്ട്

പദ്ധതിയുടെ വിശദാംശങ്ങൾ

എസ്റ്റിമേറ്റ് : 400000/-

അപ്രൂവ്ഡ് പി എ സി :327839/-

കരാറുകാരൻ : ശ്രീ. സന്ദീപ് എസ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

കരാർ നമ്പർ : 53/AE/LID&EW/KDA/23-24 ; 03-11- 23

പ്രവൃത്തി ആരംഭിച്ച തീയതി : 13-11-23

പ്രവൃത്തി പൂർത്തിയാക്കിയ തീയതി :05-12-23

ബിൽ വിശദാംശങ്ങൾ -(TR59-E)

## 1-22 ഭവനപുനരുദ്ധാരണം എസ്.സി.പി. – ആദ്യഗഡു കൈപ്പറ്റിയ ശേഷം ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല

സ.ഉ (കൈ) നം 115/2022/തസ്വഭവ 28/05/2022 ലെ 6.7.4 പ്രകാരം ഭവന പുനരുദ്ധാരണം പ്രവൃത്തിക്ക് കരാറിൽ ഏർപ്പെട്ട ശേഷം 50% തുക മുൻകൂറായി അനുവദിക്കാവുന്നതാണ്. എന്നാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ ചുവടെ പറയുന്ന പ്രോജക്ട് പ്രകാരം മുൻകൂർ തുക കൈപ്പറ്റിയ ശേഷം പണി പൂർത്തിയാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം. | വകയിരുത്തൽ | ചെലവ് |
|---|---|---|
| 124/25 ഭവനപുനരുദ്ധാരണം എസ്.സി.പി. | വികസന ഫണ്ട് എസ്.സി.പി. - 2850000 | വികസന ഫണ്ട് എസ്.സി.പി. - 2437500 |

മുൻകൂർ തുക കൈപ്പറ്റിയ ശേഷം പണി പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| പേര് | നൽകിയ തുക | ബിൽ നം., തീയതി |
|---|---|---|
| ശ്രീമതി ചെല്ലമ്മ കെ., ഇറഞ്ഞിവിള വീട്, വെണ്ടാർ | 37500/- | 13/10.01.25 |
| ശ്രീമതി അനിതാ കുമാരി, മിഥുൻ ഭവനം, മൈലംകുളം | 37500/- | 19/27.01.25 |

മേൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കി മൂല്യനിർണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, നിർമ്മാണം പൂർത്തീകരിക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന മറുപടി നൽകി. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 19/12.11.25

## 1-23 ഹരിതസഹായ സ്ഥാപനത്തിന് തുക നൽകൽ പദ്ധതി- ചെലവിന് ആസ്പദമായ ബില്ലുകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ- 227/25 (S.O) – ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ

അടങ്കൽ- 92000/- (സി.എഫ്.സി. ഫണ്ട്)

ചെലവ്- 92000/- (സി.എഫ്.സി. ഫണ്ട്) ബിൽ നം. 81/31.07.24

2024-25 വർഷം Spill Over ആയി നടപ്പാക്കിയ ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ എന്ന പദ്ധതിയിൽ (പദ്ധതി നം.227) ഉൾപ്പെടുത്തി നടപ്പുവർഷം 92000/- രൂപ ചെലവഴിച്ചു. പദ്ധതി ഫയൽ പരിശോധിച്ചതിൽ 2022-23 വർഷത്തെ കുടിശ്ശിക തുക I.R.T.C ക്ക് അനുവദിക്കുന്നതിനാണ് തുക ചെലവഴിക്കുന്നത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഫയലിൽ ഇക്കാലയളവിലെ സ്ഥാപനത്തിന്റെ ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഇല്ല. പകരം 2023 ഒക്ടോബർ മുതലുള്ള തുക ആവശ്യപ്പെട്ടുള്ള കത്ത് മാത്രമാണ് ഉള്ളത്. 2023 നവംബർ മുതലുള്ള തുകകൾ മറ്റൊരു പ്രോജക്ടിലൂടെ (225/25) ഈ വർഷം തന്നെ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതി ചെലവിന് ആനുപാതമായ ബില്ലുകൾ ഹാജരാക്കുന്നത് വരെ ഈ ഇനത്തിലെ 92000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് തടസ്സം 92000/- രൂപ

ഓഡിറ്റ് എൻക്വയറി നം. 13/11-11-25

## 1-24 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അനുവദനീയമായതിലും അധികമായി തുക അനുവദിച്ചു.

പ്രോജക്ട് നമ്പർ – 95 (ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ)

അടങ്കൽ- 2100000/- (വികസന ഫണ്ട്- 14,00,000/-), (ബ്ലോക്ക് പഞ്ചായത്ത് വിഹിതം-300000/-), (ജില്ലാ പഞ്ചായത്ത് വിഹിതം – 400000/-)

ചെലവ്- 17,00,000/- (വികസന ഫണ്ട്- 14,00,000/-), (ബ്ലോക്ക് പഞ്ചായത്ത് വിഹിതം-300000/-)

മേൽ പരാമർശിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു M.R. വിദ്യാർത്ഥിക്ക് പ്രതിവർഷം അനുവദിക്കാവുന്ന പരമാവധി തുക 28500/- രൂപയാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ തദ്‌വർഷം ശ്രീ. സന്ദീപ് കുമാർ എസ്. എന്ന വിദ്യാർത്ഥിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ- 67180328403) മേൽ പദ്ധതിയിൽ നിന്ന് താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം 35100/- രൂപ അനുവദിച്ച് നൽകി.

| ബിൽ നമ്പർ, തീയതി | ബിൽ തുക | ഗുണഭോക്താവിന് അനുവദിച്ച തുക | ഫണ്ടിനം |
|---|---|---|---|
| 504, 13/03/2025 | 378000 | 14000 | വികസന ഫണ്ട്- പൊതുവിഭാഗം |
| 233, 27/12/2024 | 243000 | 4500 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 491, 12/03/2025 | 254000 | 10000 | വികസന ഫണ്ട്- പൊതുവിഭാഗം |
| 504, 13/03/2025 | 8000 | 6600 | വികസന ഫണ്ട്- പൊതുവിഭാഗം |

ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, അധികമായി അനുവദിച്ച തുക തൊട്ടടുത്ത വർഷത്തെ ബില്ലിൽ നിന്ന് കുറവ് ചെയ്യുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകി. ഓഡിറ്റ് വർഷം അധികമായി അനുവദിച്ച 6600/- രൂപ തിരികെ ബന്ധപ്പെട്ട ഫണ്ടിലേക്ക് മടക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് നിരാകരണം 6600/- രൂപ

ഓഡിറ്റ് എൻക്വയറി നം. 21/13.11.25

## 1-25 ഗുണഭോക്താക്കളിൽ നിന്നും തിരികെ ലഭിച്ച തുക വികസന ഫണ്ടിൽ (എസ് സി പി) ഒടുക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 223-ൽ (എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ) അനശ്വരി, ശ്രീഭവനം, പെരങ്ങളം എന്ന വിദ്യാർത്ഥിനിക്ക് വികസന ഫണ്ട് എസ്.സി.പി.യിൽ നിന്നും അധികമായി അനുവദിച്ച 5000/- രൂപ തിരികെ ഒടുക്കിയത് നാളിതുവരെ വികസന ഫണ്ട് (എസ്.സി.പി.) ലേക്ക് അടക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

കൂടാതെ മുൻവർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ഭവന പുനരുദ്ധാരണം പദ്ധതിയിൽ തെറ്റായി അനുവദിച്ച 30000/- രൂപ തിരികെ ഒടുക്കിയ തുകയും നാളിതുവരെ വികസന ഫണ്ട് (എസ്.സി.പി.) ലേക്ക് അടവാക്കിയിട്ടില്ല. ആയത് തദ്‌വർഷ വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെട്ടിട്ടുണ്ട്.

മേൽ പരാമർശിച്ച രണ്ട് തുകകളും വികസന ഫണ്ട് (എസ്.സി.പി.) ലേക്ക് അടവാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/11-11-25

## 1-26 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2021-22 സാമ്പത്തിക വർഷം മുതൽ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചുവരുന്നു. 2025-2026 കാലയളവ് വരെയാണ് ഇപ്രകാരം ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്.

ഗ്രാമപഞ്ചായത്തിന് 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ.

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 2021-22 | 2022-23 | 2023-24 | 2024-25 | | 2021-22 | 2022-23 | 2023-24 | 2024-25 | | |
| 1 | Support For Diagnostic Infrastructure | 0 | 448680 | 1927285 | 449224 | 2825189 | 0 | 290727 | 1731414 | 327749 | 2349890 | 475299 |
| 2 | Construction Of Building To Health Sub Centres | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 3 | Grant For Rural Health & Wellness Centres | 0 | 271772 | 454663 | 712686 | 1439121 | 0 | 0 | 279442 | 448773 | 728215 | 710906 |
| | ആകെ | 0 | 720452 | 2381948 | 1161910 | 4264310 | 0 | 290727 | 2010856 | 776522 | 3078105 | 1186205 |

Support For Diagnostic Infrastructure എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് നാളിതു വരെ ചെലവഴിച്ച പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | | ആകെ |
|---|---|---|---|---|---|---|
| | | 2021-22 | 2022-23 | 2023-24 | 2024-25 | |
| 1 | ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 0 | 0 | 0 | 0 | 0 |
| 2 | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക | 0 | 0 | 0 | 0 | 0 |
| 3 | ഉപകരണങ്ങൾ, കിറ്റുകൾ, റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക | 0 | 290727 | 1731414 | 327749 | 2349890 |
| 4 | ഉപകരണങ്ങളുടെ മെയിന്റനൻസ് | 0 | 0 | 0 | 0 | 0 |
| 5 | ലാബ് ടെക്നീഷ്യൻ, ഹെൽത്ത് സ്റ്റാഫ് എന്നിവർക്ക് പരിശീലനം | 0 | 0 | 0 | 0 | 0 |
| 6 | ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ | 0 | 0 | 0 | 0 | 0 |
| | ആകെ | 0 | 290727 | 1731414 | 327749 | 2349890 |

Grant For Rural Health & Wellness Centres, Support For Diagnostic Infrastructure എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക യഥാസമയം ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-27 ജൽജീവൻ മിഷൻ പദ്ധതി

കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയ്ക്കായി നാളിതുവരെ തുക വകയിരുത്തിയിട്ടില്ല. ഗുണഭോക്തൃ വിഹിതവും സ്വീകരിച്ചിട്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതി പ്രകാരം എല്ലാ വാർഡുകളിലും പൈപ്പ് ലൈൻ കണക്ഷൻ ലഭ്യമായിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റിയിൽ നിന്നും റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അനുവദനീയമായതിലും അധികമായി തുക അനുവദിച്ചു

പ്രോജക്ട് നമ്പർ -95 (ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ)

അടങ്കൽ- 2100000/- (വികസന ഫണ്ട്- 14,00,000/-), (ബ്ലോക്ക് പഞ്ചായത്ത് വിഹിതം-300000/-), (ജില്ലാ പഞ്ചായത്ത് വിഹിതം – 400000/-)

ചെലവ്- 17,00,000/- (വികസന ഫണ്ട്- 14,00,000/-), (ബ്ലോക്ക് പഞ്ചായത്ത് വിഹിതം-300000/-)

മേൽ പരാമർശിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു M.R. വിദ്യാർത്ഥിക്ക് പ്രതിവർഷം അനുവദിക്കാവുന്ന പരമാവധി തുക 28500/- രൂപയാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ തൻവർഷം ശ്രീ. സനിൽ കുമാർ എസ്. എന്ന വിദ്യാർത്ഥിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ- 67180328403) മേൽ പദ്ധതിയിൽ നിന്ന് താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം 35100/- രൂപ അനുവദിച്ച് നൽകി.

| ബിൽ നമ്പർ,തീയതി | ബിൽ തുക | ഗുണഭോക്താവിന് അനുവദിച്ച തുക | ഫണ്ടിനം |
|---|---|---|---|
| 504, 13/03/2025 | 378000 | 14000 | വികസന ഫണ്ട്- പൊതുവിഭാഗം |
| 233, 27/12/2024 | 243000 | 4500 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 491, 12/03/2025 | 254000 | 10000 | വികസന ഫണ്ട്- പൊതുവിഭാഗം |
| 504, 13/03/2025 | 8000 | 6600 | വികസന ഫണ്ട്- പൊതുവിഭാഗം |

ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, അധികമായി അനുവദിച്ച തുക തൊട്ടടുത്ത വർഷത്തെ ബില്ലിൽ നിന്ന് കുറവ് ചെയ്യുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകി. ഓഡിറ്റ് വർഷം അധികമായി അനുവദിച്ച 6600/- രൂപ തിരികെ ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് നിരാകരണം 6600/- രൂ.

ഓഡിറ്റ് എൻക്വയറി നം. 21/13.11.25

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| 16 | 96000 | 96000 | 0 | |

(1-4-24 മുതൽ 31-3-25 വരെയുള്ള സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്കൽ (1-4-24 മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

3. മെഡിസെപ്പ് പ്രീമിയം ഒടുക്കൽ (1/7/24 മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ബാധകമല്ല | | | | |

4. മെഡിസെപ്പ് പ്രീമിയം ഒടുക്കൽ (1/8/24 മുതൽ 31/3/25 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 13/11/2025, 14/11/2025 | കെ.എസ്.എ.കെ.എൽ.എം.III/2275/25 തീയതി 29.11.2025 |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 2,50,000/- | അനുപൂരക പോഷകാഹാരം (പ്രോജക്ട് നം. 61) | 2,50,000/- | - |
| | | 86,000/- | സമഗ്ര നെൽകൃഷി വികസനം-തരിശിലും കൃഷിയിറക്കൽ (പ്രോജക്ട് നം. 47) | 86,000/- | |
| | | 3,00,000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 95) | 3,00,000/- | - |
| | | 22,60,000/- | ലൈഫ് മിഷൻ ഭവനപദ്ധതി- എസ്.സി.പി (പ്രോജക്ട് നം. 213) | 22,60,000/- | - |
| | | 2,00,000/- | അങ്കണവാടി നമ്പർ- 65 നിർമ്മാണം വാർഡ്-11 (പ്രോജക്ട് നം. 263) | 2,00,000/- | |
| | | 2,00,000/- | അങ്കണവാടി നമ്പർ- 54 നിർമ്മാണം വാർഡ്-16 (പ്രോജക്ട് നം. 264) | 2,00,000/- | |
| | | 4,02,288/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം. 3) | 4,02,288/- | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 10,00,000/- | ലൈഫ് മിഷൻ - ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം -ജനറൽ (പ്രോജക്ട് നം. 50) | 10,00,000/- | - |
| | | 58,750/- | അനുപൂരക പോഷകാഹാരം (പ്രോജക്ട് നം. 61) | 58,750/- | |
| | | 3,40,000/- | അനുപൂരക പോഷകാഹാരം-എസ്സ്.സി.പി (പ്രോജക്ട് നം. 87) | 3,40,000/- | |
| | | 50,000/- | അനുപൂരക പോഷകാഹാരം-എസ്സ്.സി.പി (പ്രോജക്ട് നം. 143) | 50,000/- | |

## 4-4 നിക്ഷേപ പ്രവൃത്തിക്ക നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. ഇത് ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി കൊട്ടാരക്കര | വാർഡ് 10 ലെ ഹെൽത്ത് സബ് സെന്ററിന് കുടിവെള്ള കണക്ഷൻ (പ്രോ.നം. 249/25) | 717/14.03.25 | 14000/- (തനത് ഫണ്ട്) | - | 14000/- |
| ജില്ലാ പഞ്ചായത്ത് | എ.ബി.സി. സെന്റർ- ജില്ലാ പഞ്ചായത്തിന് വിഹിതം (പ്രോ. നം. 255/25) | 432/31.12.24 | 100000/- (തനത് ഫണ്ട് | - | 100000/- |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-6 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | ലഭ്യമല്ല | 1,47,40,000/- | 1,53,89,731/- | 19,38,770/- | - | 1,34,50,961/- |

## 4-7 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹5,000/- |
| തൻവർഷം നിക്ഷേപിച്ച തുക | 30,81,491/- |
| ആകെ | ₹30,86,491/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹30,86,491/- |

വാർഷിക ധനകാര്യ പത്രികയിൽ 5,000/- രൂപയുടെ നിക്ഷേപ വിവരം B-17 (Cash And Bank Balances) ഷെഡ്യൂളിലും 30,81,491/- രൂപയുടെ നിക്ഷേപ വിവരം B-12 (Investment- General Fund) എന്ന ഷെഡ്യൂളിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-3 | 2015-16 | | കാർഷിക യന്ത്രവത്കരണം ലക്ഷ്യം നേടിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2010-11 | 3-9 | 2012-13 | 4.1.1 | കുളക്കട പട്ടികജാതി സർവ്വീസ് സൊസൈറ്റിക്ക് പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2014-15 | 3-2 | 2016-17 | 4.3.1(1) | പുത്തൂർ മാർക്കറ്റ് നവീകരണവും ഷോപ്പിങ് സ്റ്റാളും ഉടമസ്ഥാവകാശം ഉറപ്പ് വരുത്തിയില്ല. | LFAC(21-23), 21-ാമത് റിപ്പോർട്ട് ഖണ്ഡിക നം 2 പ്രകാരം നടപടി സ്വീകരിച്ചു |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക(₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6600/- | ശ്രീമതി ജയലക്ഷ്മി ബി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 243688/- | ഡോ. ഷീബ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-14 | 41389/- | ഡോ. ശോഭ കെ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-18 | 1,14,000/- | ശ്രീ. ജോസ് പ്രകാശ് റ്റി ഐ, സെക്രട്ടറി |
| 1-19 | 7,28,280/- | ഡോ. ശോഭ കെ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-23 | 92,000/- | ശ്രീ. ഗിഫ്റ്റി ജെ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 12,19,357/- | |

### (ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡികകൾ 1-13 & 1-16

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജോസ് പ്രകാശ് റ്റി ഐ, സെക്രട്ടറി | സെക്രട്ടറി, കല്ലട ഗ്രാമപഞ്ചായത്ത് | തട്ടുവിള പുത്തൻവീട്, കുമ്പളം പി.ഒ, കുണ്ടറ |
| ശ്രീ. ഗിഫ്റ്റി ആർ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | കണ്ണെപ്പാട്ടു പാപ്പുവിൽ, പട്ടാഴി, പി. ഒ |
| ഡോ. ശോഭ. കെ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കല്ലട | ഷൺമുഖപ്രിയം, ഗോപനഗർ-31 എ, തുമ്പൂർ, ഈസ്റ്റ് പി ഒ, കൊല്ലം |
| ഡോ. ഷീബ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി, കല്ലട | സൗപർണ്ണിക, സന്തോഷ് നഗർ, ആനന്ദപ്പള്ളി |
| ശ്രീമതി ജയലക്ഷ്മി ബി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, കല്ലട ഗ്രാമപഞ്ചായത്ത് | തെക്കെ ഇല്ല്യാ വീട്, കണ്ണനല്ലൂർ പി.ഒ, ആദിച്ചനല്ലൂർ |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | കെ.എസ്.എ/കെ.എൽ.എം/പി-II-399(3)/23-02-2018 |
| 1996-98 | കെ.എസ്.എ/കെ.എൽ.എം/പി-II-399(4)/23-02-2018 |
| 1998-99 | എൽ.എഫ്.ക്യു/പി-3/1363/14/24-06-2014 |
| 1999-00 | എൽ.എഫ്.ക്യു/പി-3/1363/14/24-06-2014 |
| 2000-01 | എൽ.എഫ്.ക്യു/പി-3/1363/14/24-06-2014 |
| 2001-02 & 2002-03 | എൽ.എഫ്.ക്യു/പി-3/1363/14/24-06-2014 |
| 2003-04 | എൽ.എഫ്.ക്യു/പി-3/1363/14/24-06-2014 |
| 2004-05 | എൽ.എഫ്.ക്യു/പി-3/1363/14/24-06-2014 |
| 2005-06 | എൽ.എഫ്.ക്യു/പി-3/1363/14/24-06-2014 |
| 2006-07 | കെ.എസ്.എ/കെ.എൽ.എം/പി-II-744/19/31-03-2019 |
| 2007-08 | കെ.എസ്.എ/കെ.എൽ.എം/പി-II-744/19/31-03-2019 |
| 2008-09 | കെ.എസ്.എ/കെ.എൽ.എം/പി-II-744/19/31-03-2019 |
| 2009-10 | കെ.എസ്.എ/കെ.എൽ.എം/പി-II-744/19/31-03-2019 |
| 2010-11 | കെ.എസ്.എ/കെ.എൽ.എം/പി-II-744/19/31-03-2019 |
| 2011-12 & 2012-13 | കെ.എസ്.എ/കെ.എൽ.എം/പി-II-അദാലത്ത്/2011-12 &12-13/1584, 19-08-2022 |
| 2013-14 & 2014-15 | കെ.എസ്.എ/കെ.എൽ.എം/പി-II-അദാലത്ത്/2013-14 &14-15/1584, 19-08-2022 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം/പി-II-അദാലത്ത്/2015-16/1584, 19-08-2022 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം/പി-II-1959/2017/22-12-2017 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം/പി-II-221/19/12-04-2019 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം/പി.II/391/2020/17/06/2020 |

| | |
|---|---|
| 2019-20 | കെ.എസ്.എ/കെ.എൽ.എം/പി.II/1715/2021/31/05/2022 |
| 2020-21 | കെ.എസ്.എ/കെ.എൽ.എം/പി.II/1714/2021/16-07-22 |
| 2021-22 | കെ.എസ്.എ/കെ.എൽ.എം/പി.II/2041/22/ 29.03.23 |
| 2022-23 | കെ.എസ്.എ/കെ.എൽ.എം/പി.II/1947/23,21.12.23 |
| 2023-24 | കെ.എസ്.എ/കെ.എൽ.എം/പി.II/1996/24,08.11.24 |

**ഡെപ്യൂട്ടി ഡയറക്ടർ**
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(I) dated 24-06-2025 and submitted on 21-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kulakkada Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

### Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kulakkada Grama Panchayat as on 31-03-2025

**Date: 29/11/2025**

**Deputy Director**
**District Office Kollam**
**Kerala State Audit Department**

**Audit Report appended to the Audit Certificate of Kulakkada Grama Panchayat for the Year 2024-2025 .**

1.Major Observations

Nil.

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit :-
   a) Ratios.
   b) Notes on accounts.

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. CFC 40(b) does not match with B4.
4. CFC Fund-Expenditure & Closing balance does not match with Annual Financial Statement & Bank.
5. Web Saankhya Appropriation control Register does not match with Annual Financial Statement.
6. Investment document for Rs. 5,000/- has not been produced for verification.

## <u>അനുബന്ധം-2</u>

## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**3**

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.